# ഗണിതം

## ഭാഗം - 1

## സ്റ്റാൻഡേർഡ് - I

കേരളസർക്കാർ
വിദ്യാഭ്യാസ വകുപ്പ്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2016

KT 61-1/Maths 1 (M)

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

---

### ഗണിതം

**ഭാഗം 1**

*Prepared by* State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram - 695 012, Kerala.
*Website* www.scert.kerala.gov.in *e-mail* scertkerala@gmail.com

*Typeset and design by* SCERT Computer Lab
First Edition : 2014, Reprint : 2016

© Government of Kerala • Department of Education

പ്രിയപ്പെട്ട കൂട്ടുകാരെ...

ഗണിതപഠനം ആസ്വാദ്യകരമാക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ പുസ്തകം തയാറാക്കിയിട്ടുള്ളത്.
കൂടുതലും അധ്യാപകരുടെ സഹായത്തോടെ ചെയ്യേണ്ട പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.
ചുറ്റുപാടുകളിൽ നിന്നും അനുഭവങ്ങളിലൂടെയും നേടിയെടുക്കേണ്ട പ്രാഥമിക ഗണിതാശയങ്ങളാണ് പുസ്തകത്തിൽ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
കളികളിലൂടെയും നിരീക്ഷണത്തിലൂടെയും പരീക്ഷണത്തിലൂടെയും അവ ആർജിക്കുന്നതിന് ശ്രമിക്കുക.

സ്നേഹത്തോടെ....

**ഡോ. പി. എ. ഫാത്തിമ**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

# പാഠപുസ്തക രചന

## ശില്പശാലയിൽ പങ്കെടുത്തവർ

**അജീഷ്കുമാർ.റ്റി.ബി**
എച്ച്.എസ്.എ., ജി.എച്ച്.എസ്
മന്നാംകണ്ടം, ഇടുക്കി

**കാർമലി.പി.എ**
എൽ.പി.എസ്.എ,
എച്ച്.എഫ്.എ.എസ്.ബി.എസ്.,
കുമ്പള

**പി.പി. പ്രഭാകരൻ നായർ**
എച്ച്.എസ്.എ (റിട്ട.)
പാലോറ ഹൈസ്കൂൾ,
കോഴിക്കോട്

**ബരീഷ്. വി.പി**
എ.എം.എൽ.പി.എസ്, ഫറൂക്ക്,
കോഴിക്കോട്

**മനോജ്. റ്റി.എൻ**
എച്ച്.എസ്.എ., ജി.എം.എച്ച്.എസ്
പാലക്കുഴ, എറണാകുളം

**കെ.ആർ. മുരളീധരൻ പിള്ള**
സീനിയർ ലക്ചറർ, ഡയറ്റ്, കൊല്ലം

**മുഹമ്മദ് അബ്ദുള്ള.കെ.എം**
ഗവ. ബോയ്സ് എച്ച്.എസ്.എസ്
മഞ്ചേരി, മലപ്പുറം

**ശശിധരൻ.വി.പി**
പി.ഡി.ടീച്ചർ, ജി.എച്ച്.എസ്.എസ്
രാവണേശ്വരം, കാസറഗോഡ്

**ശ്രീകുമാർ.സി.ജി**
പി.ഡി. ടീച്ചർ, ഗവ. കോ-ഓപ്പറേറ്റീവ്
എൽ.പി.എസ്, ഇരുംപനങ്ങാട് കൊല്ലം

**സി.വി. സജീവൻ**
കരിയിൽ എ.എൽ.പി.എസ്
തുരുത്തി, കാസറഗോഡ്

**ഹബീബ് റഹ്മാൻ**
എച്ച്.എസ്.എ., ജി.എച്ച്.എസ്, ഇരുമ്പുഴി,
മലപ്പുറം

## വിദഗ്ധർ

**വേണുഗോപാൽ സി.**
അസി. പ്രൊഫസർ, ഗവ. കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ,
തിരുവനന്തപുരം

**ഡോ. സണ്ണി ലൂക്കോസ്**
ഡെപ്യൂട്ടി ഡയറക്ടർ ഓഫ് കോളേജിയറ്റ് എഡ്യൂക്കേഷൻ (റിട്ട.),
എറണാകുളം

## ചിത്രകാരന്മാർ

**അസീസ്.കെ.എസ്**
ഡി.ഇ.ഒ ഓഫീസ്, മൂവാറ്റുപുഴ

**കുഞ്ഞിരാമൻ.പി.സി**
ഡയറ്റ്, എറണാകുളം

**ജിജീഷ്.പി.ബി.**
ആർ.ഡി.റ്റി.ഇ., കോതമംഗലം

**രാകേഷ്**
നെയ്യാർഡാം, തിരുവനന്തപുരം


**ഹരികുമാർ.കെ.ബി**
കഴക്കൂട്ടം, തിരുവനന്തപുരം


**ഹരി ചാരുത**
നേമം, തിരുവനന്തപുരം

## അക്കാദമിക് കോഡിനേറ്റർ

**ഡോ. ലിഡ്സൺ രാജ് ജെ.**

റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.





## ഉള്ളടക്കം


1. താരയുടെ വീട് .................... 6
2. മനുവിന്റെ വികൃതി ................ 16
3. മനുവിന്റെ സ്വപ്നം................ 28
4. ഒത്തുകൂടാം ഓണം കൂടാം ........ 35
5. എണ്ണിയെടുക്കാം .................. 59





# 1 താരയുടെ വീട്





ചിത്രത്തിൽ ആരെല്ലാം?


താരയെ കാണാൻ മീനു എത്തി.




| | | |
|---|---|---|
| വലുത് ഏത്? ✓ ഇടുക. |  |  |




| | | |
|---|---|---|
| അകത്ത് ആര്? ✓ ഇടുക. |  |  |




| | | |
|---|---|---|
| താഴെ ഉള്ളതിന് ✓ ഇടുക. |  |  |




| | | |
|---|---|---|
| ഉയരം കുറഞ്ഞതിന് ✓ ഇടുക. |  |  |




കുറവ് ഏത്? ✓ ഇടുക.




**മുന്നിലാര്? പിന്നിലാര്?**

താര മുന്നിലും മീനു പിന്നിലുമായി കുളത്തിനടുത്തേക്ക് നടന്നു.





താരയുടെ ഇടതുവശത്ത് എന്ത്?
✓ ഇടുക.








| | | |
|---|---|---|
| അടുത്ത് ഏത്?<br>✓ ഇടുക. |  |  |


അവർ അടുക്കളയിൽ എത്തി.
അമ്മ അവർക്ക് പലഹാരം നൽകി.



| കൂടുതൽ ആർക്ക്?<br>✓ ഇടുക. |  |  |
|---|---|---|




ചെറിയ പാവയ്ക്ക് നിറം നൽകൂ.




പെട്ടിയുടെ മുകളിൽ ഉള്ളതിന് നിറം നൽകൂ.



താരയുടെ മുന്നിലുള്ള പൂച്ചയ്ക്ക് നിറം നൽകൂ.

ചെറുത് ഏത്?  വട്ടം വരയ്ക്കൂ.



അകലെയുള്ള മരം ഏത്? വട്ടം വരയ്ക്കൂ.




അകത്ത് ആര്? പുറത്ത് ആര്?
പുറത്തുള്ളതിന് നിറം നൽകുക.






# 2 മനുവിന്റെ വികൃതി



എത്ര എത്ര കൂട്ടങ്ങൾ?





രണ്ട് കുരുവികൾ
കൂട് കെട്ടി.
ഒരു നല്ല കൂട്.
ചന്തമുള്ള കൂട്.
കുരുവി മുട്ടയിട്ടു
ഒന്ന്, രണ്ട്, മൂന്ന്.
മൂന്ന് മുട്ടകൾ.
മൂന്നും വിരിഞ്ഞു.
മൂന്ന് കുഞ്ഞി
ക്കുരുവികൾ.
അമ്മ
വന്നു...
ഹായ്...
നാല്
നെൽക്കതിരുകൾ!



അമ്മേ... നോക്കൂ ദേ, താഴെ അഞ്ചുപേർ.
എനിക്ക് രണ്ട് കിളിക്കുഞ്ഞുങ്ങളെ വേണം.
അമ്മേ, പേടിയാകുന്നു..
മനൂ... ഒരെണ്ണം എനിക്ക്.
നിന്നെ ഞാൻ...
അയ്യോ!
പൊത്തോം
ഹാവൂ രക്ഷപ്പെട്ടു.

## പാട്ട് പാടാം





ആനയ്ക്ക് തുമ്പിക്കൈ ഒന്നാണേ
ഒന്നേ ഒന്നേ ഒന്ന്.


കാളയ്ക്ക് കൊമ്പുകൾ രണ്ടാണേ
രണ്ടേ രണ്ടേ രണ്ട്.


തേങ്ങയ്ക്ക് കണ്ണുകൾ മൂന്നാണേ
മൂന്നേ മൂന്നേ മൂന്ന്.

പൂച്ചയ്ക്ക് കാലുകൾ നാലാണേ
നാലേ നാലേ നാല്.




ഒരു കൈ വിരലുകൾ അഞ്ചാണേ
അഞ്ചേ അഞ്ചേ അഞ്ച്.





# പൂന്തോട്ടത്തിലേക്ക്



ഒരേ എണ്ണം പൂക്കളുള്ളവ ഏതൊക്കെ?

അവയ്ക്ക് ഒരേ നിറം കൊടുക്കുക.

## പൂന്തോട്ടത്തിലെ കൂട്ടുകാർ

എണ്ണത്തിനനുസരിച്ച് പൊട്ട് വരയ്ക്കുക.

| | |
|---|---|
|  |  |
|  | |
|  | |
|  | |
|  | |

## എത്ര എത്ര പൂക്കൾ



എത്ര എത്ര പൂക്കൾ
നീലപ്പൂവ് ഒന്ന്
ശംഖുപുഷ്പം നീല

എത്ര എത്ര പൂക്കൾ
റോസാപ്പൂവ് രണ്ട്
റോസാപ്പൂവ് റോസ്


എത്ര എത്ര പൂക്കൾ
മഞ്ഞപ്പൂക്കൾ മൂന്ന്
കമ്മൽപ്പൂവ് മഞ്ഞ

എത്ര എത്ര പൂക്കൾ
ചെമ്പരത്തി നാല്
ചെമ്പരത്തി ചോപ്പ്


എത്ര എത്ര പൂക്കൾ
വെള്ളപ്പൂക്കൾ അഞ്ച്
മുല്ലപ്പൂവ് വെള്ള

# തേൻമാവിന്റെ കൂട്ടുകാർ





മാമ്പഴം നാല്
ഞങ്ങൾ 4



മാമ്പഴം ഒന്ന്
ഞാൻ 1



മാമ്പഴം മൂന്ന്
ഞങ്ങൾ 3




മാമ്പഴം രണ്ട്
ഞങ്ങൾ 2



മാമ്പഴം അഞ്ച്
ഞങ്ങൾ 5

## എണ്ണം എത്ര?

സംഖ്യയുമായി യോജിപ്പിക്കാം.



1


2

3

4

5

## എണ്ണിനോക്കൂ. സംഖ്യ എഴുതൂ.




KT 61-3/Maths 1 (M)

## ഒത്തു നോക്കാം

സ്ലേറ്റിൽ ഉള്ള ഓരോന്നിന്റെയും എണ്ണം നോക്കുക. ഓരോന്നും അത്രയും എണ്ണം അലമാരയിൽ ഉണ്ടോ? കുറവുള്ളവയ്ക്കുനേരെ വിനുവിന്റെ സ്ലേറ്റിൽ ✕ ഇടുക.





അലമാരയിൽ ഉള്ളവ എത്ര?


| | |
|---|---|
| തവി | |
| ഗ്ലാസ് | |
| കലം | |
| കപ്പ് | |
| പാത്രം | |

# എണ്ണം എഴുതുക











# 3 മനുവിന്റെ സ്വപ്നം



കളിക്കാൻ ഇനിയും ആരും എത്തിയില്ലല്ലോ.
അല്പനേരം ഇവിടെ ഇരിക്കാം.
ആറ്റിൽ കുളിച്ച് ആറുപേർ.
പാട്ട് പാടി ഒൻപത് പേർ







നന്നായ്ക്കളിച്ച് മിടുക്കനാവാൻ
ഒന്നാമൻ ഒറ്റയ്ക്ക് ഒരുങ്ങിവന്നു

രണ്ടുപേർ ചെണ്ടയും കൊട്ടിവന്നു
മൂന്നുപേർ മുല്ലപ്പൂ ചൂടിവന്നു

നാലുപേർ മാലയുമിട്ടുവന്നു
അഞ്ചുപേർ മഞ്ചലിലേറിവന്നു

ആറുപേർ ആറ്റിൽ കുളിച്ചുവന്നു
ഏഴുപേർ മഴയും നനഞ്ഞുവന്നു


എട്ടുപേർ പട്ടം പറത്തി വന്നു
ഒൻപതുവമ്പൻമാർ പാടി വന്നു


ഓടിക്കളിക്കുവാൻ ഒൻപത് കൂട്ടരും
ഓടിയും ചാടിയും ഒത്തുകൂടി


എല്ലാവർക്കും നെല്ലിക്ക കൊടുക്കണം. ആറ് പേർക്ക് 6 നെല്ലിക്ക.
ഏഴ് പേർക്ക് 7 നെല്ലിക്ക.
അവർക്ക് 8 നെല്ലിക്ക.
അവർ ഒൻപത്. അവർക്ക് 9 നെല്ലിക്ക.


അയ്യോ...!
കൂട്ടുകാർ എവിടെ?
ഹായ് നെല്ലിക്ക!
6
7


## എണ്ണം എഴുതുക






















## മറഞ്ഞിരിക്കുന്നവർ ആരെല്ലാം?




വണ്ടിയുടെ മറവിൽ രണ്ട് പൂച്ചട്ടികൾ ഉണ്ട്.
അവയിലെ സംഖ്യകൾ ഏതൊക്കെ?

## ഒളിഞ്ഞിരിക്കുന്നത് ആരാണ്?


1 മുതൽ 9 വരെ കുത്തുകൾ യോജിപ്പിച്ചു നോക്കൂ.



# എണ്ണം എഴുതാം



മുകളിലെ ചിത്രം നോക്കൂ.
താഴെയുള്ള ഓരോന്നും ചിത്രത്തിൽ എത്ര എണ്ണം ഉണ്ട് ?



ഇവയിൽ വലിയ സംഖ്യ എഴുതുക.

ചെറിയ സംഖ്യ ഏത് ?

# 4 ഒത്തുകൂടാം ഓണം കൂടാം

ഓണം വന്നു.

ലതയും ശരത്തും പൂക്കൾ പറിക്കാൻ പോയി.

